## ചട്ടം 300 അനുസരിച്ചുള്ള പ്രസ്താവന

### സംസ്ഥാനത്തെ മെഡിക്കൽ കോളേജുകളുടെ അംഗീകാരവും സ്വാശ്രയ മെഡിക്കൽ കോളേജുകളുമായുള്ള ധാരണാപത്രവും സംബന്ധിച്ച്

ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി (ശ്രീ. വി. എസ്. ശിവകുമാർ): സർ, ഈ സമ്മേളന കാലയളവിൽ ഭരണ-പ്രതിപക്ഷ ഭേദമന്യേ അംഗങ്ങൾ ആശങ്കയറിയിച്ച വിഷയമായിരുന്ന മഞ്ചേരി ഗവൺമെന്റ് മെഡിക്കൽ കോളേജിലെ എം.ബി.ബി.എസ്. പ്രവേശനവും സ്വാശ്രയ മെഡിക്കൽ കോളേജുകളുമായിട്ടുള്ള കരാറും. ഇതിനോടനുബന്ധിച്ച് രണ്ട് അടിയന്തര പ്രമേയങ്ങൾ സഭയിൽ അവതരിപ്പിക്കുകയുണ്ടായി. അന്ന് സഭയ്ക്ക് നൽകിയ ഉറപ്പുകളിന്മേൽ നടപ്പിലാക്കിയ കാര്യങ്ങൾ സഭയെ അറിയിക്കുന്നതിനാണ് ഈ പ്രസ്താവന.

2013 വരെ സംസ്ഥാനത്ത് അഞ്ച് സർക്കാർ മെഡിക്കൽ കോളേജുകളാണുണ്ടായിരുന്നത്. മുപ്പത് വർഷങ്ങൾക്കുശേഷം 2013-ൽ മഞ്ചേരി സർക്കാർ മെഡിക്കൽ കോളേജ് പ്രവർത്തനം ആരംഭിച്ചു. 100 എം.ബി.ബി.എസ്. സീറ്റുകളിലേക്കാണ് അഡ്മിഷൻ നടത്തിയത്. സംസ്ഥാനത്ത് സർക്കാർ മെഡിക്കൽ കോളേജുകളില്ലാത്ത എല്ലാ ജില്ലകളിലും മെഡിക്കൽ കോളേജുകൾ

ആരംഭിക്കണമെന്നാതാണ് സർക്കാർ നയം. ഇതിന്റെ ഭാഗമായിട്ടാണ് 2013-ൽ മഞ്ചേരി മെഡിക്കൽ കോളേജ് പ്രവർത്തനം ആരംഭിച്ചത്. ഈ വർഷം ഇടുക്കിയിലെ മെഡിക്കൽ കോളേജും അടുത്ത വർഷം തിരുവനന്തപുരത്തെ രണ്ടാമത്തെ മെഡിക്കൽ കോളേജും പ്രവർത്തനം ആരംഭിക്കുന്നതാണ്. ഈ വർഷംതന്നെ പട്ടികജാതി വികസന വകുപ്പിന്റെ കീഴിൽ പാലക്കാട് മെഡിക്കൽ കോളേജ് പ്രവർത്തനമാരംഭിക്കുകയാണ്. അതോടൊപ്പംതന്നെ, ഈ വർഷം മുതൽ സർക്കാർ ഏറ്റെടുത്ത എറണാകുളം മെഡിക്കൽ കോളേജിൽ 100 സീറ്റിലും മെരിറ്റടിസ്ഥാനത്തിൽ അഡ്മിഷൻ നടത്തുകയാണ്. സർക്കാർ മെഡിക്കൽ കോളേജുകളിൽ 2013 വരെ ആകെ 900 എം.ബി.ബി.എസ്. സീറ്റുകളാണുണ്ടായിരുന്നത് (തിരുവനന്തപുരം 200, കോഴിക്കോട് 250, കോട്ടയം, ആലപ്പുഴ, തൃശ്ശൂർ 150 വീതം). മഞ്ചേരിയിൽ 100 സീറ്റുകൾകൂടി വന്നപ്പോൾ 1000 ആയി. എറണാകുളം മെഡിക്കൽ കോളേജ് സർക്കാർ ഏറ്റെടുത്തതോടെ സർക്കാർ മേഖലയിലെ ആകെ സീറ്റുകളുടെ എണ്ണം 1100 ആയി. കോഴിക്കോട് മെഡിക്കൽ കോളേജിലെ 50 സീറ്റുകൾ നഷ്ടപ്പെടുമെന്ന് മെഡിക്കൽ കൗൺസിൽ ഓഫ് ഇന്ത്യയുടെ പരിശോധനയിൽ സൂചിപ്പിച്ചിരുന്നു. മഞ്ചേരി മെഡിക്കൽ കോളേജിലെ തുടർ പരിശോധനയിൽ ചില ന്യൂനതകൾ കണ്ടെത്തിയതിനാൽ അവിടത്തെ 100

സീറ്റുകളിലേക്കുള്ള അഡ്മിഷൻ തടസ്സപ്പെടുമെന്ന അവസ്ഥയും വന്നു. സർക്കാരിന്റെ സമയോചിതമായ ഇടപെടൽ മൂലവും, ചൂണ്ടിക്കാണിച്ച ന്യൂനതകൾ പരിഹരിക്കാൻ നടത്തിയ ആത്മാർത്ഥമായ ശ്രമങ്ങളാലും മെഡിക്കൽ കൗൺസിലിനെയും കേന്ദ്രസർക്കാരിനെയും ബോദ്ധ്യപ്പെടുത്തി മഞ്ചേരി മെഡിക്കൽ കോളേജിന് തുടർ അംഗീകാരവും കോഴിക്കോട് മെഡിക്കൽ കോളേജിലെ 50 അധിക സീറ്റുകൾ നിലനിർത്താനും സർക്കാരിന് കഴിഞ്ഞു. ഇതിനെല്ലാമുപരിയായി ഇടുക്കിയിൽ പുതിയ മെഡിക്കൽ കോളേജിന് അംഗീകാരം നേടിയെടുക്കാനും അതുവഴി 50 പുതിയ എം.ബി.ബി.എസ്. സീറ്റുകൾ ലഭ്യമാക്കാനും സർക്കാരിന് കഴിയുകയുണ്ടായി. പാലക്കാട് പട്ടികജാതി വികസന വകുപ്പിന്റെ പുതിയ മെഡിക്കൽ കോളേജിനും കേന്ദ്രസർക്കാർ അനുമതി നൽകിയിട്ടുണ്ട്. ഇവിടെ 100 സീറ്റുകളാണ് അനുവദിച്ചിട്ടുള്ളത്. അതിൽ 70 സീറ്റുകൾ പട്ടികജാതി വിഭാഗത്തിനായി മാറ്റി വച്ചിരിക്കുകയാണ്. ബഹുമാനപ്പെട്ട മുഖ്യമന്ത്രിയും ഞാനും ആരോഗ്യവകുപ്പ് സെക്രട്ടറിയും കേന്ദ്ര ആരോഗ്യവകുപ്പ് മന്ത്രിയുമായും ഉന്നത ഉദ്യോഗസ്ഥരുമായും ചർച്ച നടത്തി സംസ്ഥാന സർക്കാർ ചെയ്ത കാര്യങ്ങൾ ബോദ്ധ്യപ്പെടുത്താൻ കഴിഞ്ഞതിനാലാണ് മഞ്ചേരി, കോഴിക്കോട് മെഡിക്കൽ കോളേജുകളിലെ 150 സീറ്റുകൾക്ക് തുടർ അംഗീകാരവും ഇടുക്കിയിലെയും പാലക്കാട്ടെയും പുതിയ

മെഡിക്കൽ കോളേജുകൾക്ക് 150 സീറ്റുകളും നേടിയെടുക്കാൻ കഴിഞ്ഞത്. അങ്ങനെ ഈ വർഷം മുൻവർഷത്തെക്കാൾ 25 ശതമാനം സീറ്റുകളിൽ സർക്കാർ മെഡിക്കൽ കോളേജുകളിൽ അധികമായി അഡ്മിഷൻ നടത്താൻ കഴിയുന്നതാണ്. അതായത്, മുൻവർഷത്തെ 1000 സീറ്റുകൾ എന്നുള്ളത് ഈ വർഷം 1250 സീറ്റുകളായി.

ഇന്റർ ചർച്ച് കൗൺസിലിന്റെ കീഴിലുള്ള നാല് ക്രിസ്ത്യൻ മെഡിക്കൽ കോളേജുകൾ ഉൾപ്പെടെ സംസ്ഥാനത്ത് പതിനാറ് സ്വാശ്രയ മെഡിക്കൽ കോളേജുകളാണ് കഴിഞ്ഞ വർഷംവരെ ഉണ്ടായിരുന്നത്. ഇവയിൽ പതിനാലെണ്ണം സർക്കാരുമായി കരാറിലേർപ്പെട്ടിരുന്നു. ഈ വർഷം സർക്കാർ മുഖ്യമന്ത്രിതലത്തിൽ സ്വാശ്രയ കോളേജുകളുമായി 26.05.2014-ന് ചർച്ച നടത്തിയിരുന്നു. ചില സ്വാശ്രയ മെഡിക്കൽ കോളേജുകൾക്ക് ഇന്ത്യൻ മെഡിക്കൽ കൗൺസിലിന്റെ തുടർ അംഗീകാരം ലഭിക്കാത്തതിനാൽ ഈ വർഷം പ്രവേശനം നടത്താൻ കഴിയുമോയെന്ന സംശയത്തിലാണെന്നും ഇതിനാൽ സുപ്രീം കോടതി ഉത്തരവനുസരിച്ച് 31.05.2014-നുമുമ്പ് സ്വന്തമായി പ്രവേശന പരീക്ഷ നടത്താൻ കഴിഞ്ഞില്ലെന്നും ഈ ആവശ്യത്തിനായി സുപ്രീംകോടതിയെ സമീപിക്കുകയാണെന്നും അവർ ചർച്ചയിൽ വ്യക്തമാക്കിയിരുന്നു. അതനുസരിച്ച് പ്രവേശന പരീക്ഷ നടത്തുന്നതിനുള്ള അനുമതിക്കായി അവർ സുപ്രീംകോടതിയെ

സമീപിച്ചിരിക്കുകയാണ്. അമ്പത് ശതമാനം സീറ്റുകൾ സർക്കാരിന് മെരിറ്റടിസ്ഥാനത്തിൽ അഡ്മിഷൻ നടത്തുന്നതിനായി തരുന്നതിന് വിരോധമില്ലെന്ന് മാനേജ്മെന്റുകൾ ചർച്ചയിൽ സമ്മതിക്കുകയുണ്ടായി. മാനേജ്മെന്റിന്റെ അമ്പത് ശതമാനം സീറ്റിൽ എപ്രകാരം പ്രവേശനം നടത്തണമെന്നതുസംബന്ധിച്ച് മാത്രമായിരുന്നു മാനേജ്മെന്റുകളുടെ പ്രശ്നം. സുപ്രീംകോടതി ഉത്തരവ് വന്നശേഷം മാത്രമേ ഇക്കാര്യത്തിൽ വ്യക്തത ഉണ്ടാകൂ. സർക്കാരിന് 50 ശതമാനം സീറ്റ് നൽകുന്നതിൽ ആർക്കും എതിർപ്പില്ലായിരുന്നു.

ക്രിസ്ത്യൻ മാനേജ്മെന്റ് ഉൾപ്പെടെ ഇപ്പോൾ 19 സ്വാശ്രയ മെഡിക്കൽ കോളേജുകളാണ് സംസ്ഥാനത്തുള്ളത്. ഇതിൽ കരുണ മെഡിക്കൽ കോളേജും സർക്കാരുമായിട്ടുള്ള കേസ് നിലനിൽക്കുന്നു. ആരോഗ്യസർവ്വകലാശാലയും അവർക്കെതിരെ നടപടി സ്വീകരിക്കാൻ തീരുമാനിച്ചിരിക്കുകയാണ്. കണ്ണൂർ, ഗോകുലം, മലബാർ എന്നീ മൂന്ന് മെഡിക്കൽ കോളേജുകൾക്ക് മെഡിക്കൽ കൗൺസിലിന്റെ തുടർ അംഗീകാരം ഇതുവരെ ലഭിച്ചിട്ടില്ല. MES-ന് (മുസ്ലീം എഡ്യൂക്കേഷണൽ സൊസൈറ്റിയുടെ കോളേജ്) ന്യൂനപക്ഷ പദവിയുള്ളതിനാൽ സ്വയം അഡ്മിഷൻ നടത്തുമെന്ന് പ്രസ്തുത സ്ഥാപനം പ്രഖ്യാപിച്ചിരിക്കുകയാണ്. ബാക്കി പതിനാല് കോളേജുകളുമായിട്ടാണ് സർക്കാർ കരാറിലേർപ്പെടേണ്ടത്.

അതിൽ പന്ത്രണ്ട് കോളേജുകൾ ഇതിനകം കരാർ ഒപ്പിട്ടുകഴിഞ്ഞു. ബാക്കി അംഗീകാരം ലഭിച്ച കെ.എം.സി.റ്റി., ട്രാവൻകൂർ മെഡിസിറ്റി എന്നീ കോളേജുകൾ ഉടൻ കരാറിലേർപ്പെടുമെന്ന് പ്രതീക്ഷിക്കുന്നു. ഇപ്പോൾ തുടർ അംഗീകാരം ലഭിക്കാത്ത കോളേജുകളിൽ ഗോകുലം, മലബാർ മെഡിക്കൽ കോളേജുകൾ അംഗീകാരം ലഭിച്ചാലുടൻ കരാർ ഒപ്പിടുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്.

മുൻവർഷം സർക്കാർ മെഡിക്കൽ കോളേജുകളിൽ 1000 സീറ്റുകളും സ്വാശ്രയ മേഖലയിൽ 875 സീറ്റുകൾ ഉൾപ്പെടെ 1875 എം.ബി.ബി.എസ്. സീറ്റുകളാണ് മെരിറ്റടിസ്ഥാനത്തിൽ സർക്കാരിന് അഡ്മിഷനായി ലഭിച്ചത്. അതേസമയം, ഈ വർഷം സർക്കാർ മേഖലയിൽ 1250 സീറ്റുകളും സ്വാശ്രയ മേഖലയിൽ ഇതുവരെ ഒപ്പിട്ട 12 കോളേജുകളിൽ (എട്ട് സ്വകാര്യ കോളേജുകൾ + നാല് ക്രിസ്ത്യൻ മാനേജ്മെന്റ് കോളേജുകൾ) 675 സീറ്റുകളും, പരിയാരം മെഡിക്കൽ കോളേജിലെ 50 സീറ്റുകളും ഉൾപ്പെടെ 1975 സീറ്റുകൾ സർക്കാരിന് മെരിറ്റടിസ്ഥാനത്തിൽ അഡ്മിഷൻ നടത്തുന്നതിന് ഇതുവരെ ലഭ്യമാണ്. ഡെന്റൽ കോളേജുകളും സർക്കാരുമായി കരാർ ഒപ്പിടുന്നതിനുള്ള നടപടികൾ ആരംഭിച്ചുകഴിഞ്ഞു. സ്വാശ്രയ ആയുർവ്വേദ മെഡിക്കൽ കോളേജുകളും സർക്കാരുമായി ധാരണയിലെത്തിയിട്ടുണ്ട്.

അംഗീകാരം ലഭിച്ച കോളേജുകൾ സർക്കാരുമായി ധാരണയുണ്ടാക്കാൻ

തയ്യാറായില്ലെങ്കിൽ അവർക്ക് അഫിലിയേഷൻ നൽകുന്നതല്ലെന്ന് ആരോഗ്യ സർവ്വകലാശാല തത്വത്തിൽ തീരുമാനമെടുത്തിട്ടുണ്ട്. സ്വാശ്രയ മെഡിക്കൽ കോളേജുകൾക്ക് പഠനവുമായി ബന്ധപ്പെട്ട് സർക്കാർ പല സൗകര്യങ്ങളും നൽകാറുണ്ട്. കരാറിലേർപ്പെടാത്ത കോളേജുകൾക്ക് ഇത് തുടർന്ന് നൽകുന്ന കാര്യം സർക്കാർ പുനഃപരിശോധിക്കുന്നതാണ്.

സഭയിൽ മുമ്പ് പ്രസ്താവിച്ചിട്ടുള്ളതുപോലെ ഇക്കാര്യത്തിൽ സർക്കാർ നടത്തിയ ആത്മാർത്ഥമായ ശ്രമങ്ങളുടെ ഫലമായാണ് സർക്കാർ മേഖലയിൽ കൂടുതൽ സീറ്റുകൾ നേടിയെടുക്കാനും സ്വാശ്രയ കോളേജുകളിൽ ഭൂരിഭാഗവുമായി എഗ്രിമെന്റിൽ ഏർപ്പെടാനും സർക്കാരിന് കഴിഞ്ഞത്.

മി. സ്പീക്കർ: ചട്ടം 300 അനുസരിച്ചുള്ള പ്രസ്താവനയിന്മേൽ ഡിസ്കഷൻ അനുവദിക്കാൻ കഴിയില്ല. ...........(ബഹളം).........

ശ്രീ. കോടിയേരി ബാലകൃഷ്ണൻ: സർ, വിദ്യാർത്ഥികൾക്ക് നിശ്ചയിച്ചിട്ടുള്ള ഫീസ് എത്രയാണ്? ആ തുക എത്രയാണെന്ന് മന്ത്രിക്ക് അറിയാം. ഇതുസംബന്ധിച്ച് കരാർ ഉണ്ടാക്കിയെന്ന് മന്ത്രി സഭയിൽ പറഞ്ഞു; ആ കരാർ അനുസരിച്ച് എത്ര തുകയാണ് വിദ്യാർത്ഥികൾക്ക് ഫീസ് കൊടുക്കാൻ ഗവൺമെന്റ് സമ്മതിച്ചിട്ടുള്ളത്? ...........(ബഹളം).........

<u>മി. സ്പീക്കർ:</u> ....പ്ലീസ്....പ്ലീസ്..... ...........(ബഹളം)......... ഞാൻ ഒരു മിനിറ്റ് പറയട്ടെ, നിങ്ങൾക്ക് ഒച്ചയുണ്ടാക്കുന്നോ, അതോ ചെയർ പറയുന്നത് കേൾക്കുന്നോ ...........(ബഹളം)......... എല്ലാം പ്രധാനപ്പെട്ട പ്രശ്നമാണ്. ഞാനും വിദ്യാർത്ഥി ജീവിതത്തിലൂടെ കടന്നുവന്നതാണ്. നിങ്ങളുടെ വികാരം എനിക്ക് മനസ്സിലാകും. ഏതിനും ഒരു സിസ്റ്റമുണ്ട്. ഇവിടെ ഒരു വകുപ്പുമന്ത്രി ചട്ടം 300 അനുസരിച്ച് സ്റ്റേറ്റ്മെന്റ് നടത്തണമെന്ന് നിയമസഭാ സെക്രട്ടറിയോട് ആവശ്യപ്പെട്ടാൽ സമയം കണ്ടെത്തി അത് അനുവദിക്കും. അത് ഇന്നിവിടെ അനുവദിച്ചു. നിങ്ങൾക്ക് ഈ വിഷയവുമായി ബന്ധപ്പെട്ട് എന്തെങ്കിലും അറിയാനുണ്ടെങ്കിൽ പ്രത്യേകമായി ആവശ്യപ്പെട്ടാൽ അതിന് വേറെ ചർച്ചയും മറുപടിയും അനുവദിക്കും. ചട്ടം 300-നോടനുബന്ധിച്ച് ചർച്ച സാദ്ധ്യമല്ല.

<u>ശ്രീ. കോടിയേരി ബാലകൃഷ്ണൻ:</u> സർ, സഭ ഇന്ന് പിരിയുകയാണ്. ചട്ടം 300 അനുസരിച്ചുള്ള സ്റ്റേറ്റ്മെന്റ് ഞങ്ങൾ ചോദ്യം ചെയ്യുന്നില്ല. അത് ചട്ടപ്രകാരം ചെയ്താൽമതി. ഞങ്ങൾക്ക് അറിയേണ്ടത് ഈ കരാർ പ്രകാരം മെരിറ്റ് സീറ്റിൽ എത്രയാണ് ഫീസ് കൊടുക്കേണ്ടത്? ആ കരാറിനെ സംബന്ധിച്ച് ഇവിടെ രണ്ടുപ്രാവശ്യം അടിയന്തരപ്രമേയം ചർച്ച ചെയ്തതാണ്. അടിയന്തരപ്രമേയത്തിന്റെ അടിസ്ഥാനത്തിൽ ആ കരാറിലെ വ്യവസ്ഥകൾ മേശപ്പുറത്ത് വയ്ക്കണം. ഫീസ്

എത്രയാണെന്ന് ഈ സഭയ്ക്ക് അറിയണം; അതാണ് പ്രശ്നം. ...........(ബഹളം).........

ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി (ശ്രീ. വി. എസ്. ശിവകുമാർ): സർ, ........

മി. സ്പീക്കർ: ഇല്ല, മന്ത്രിക്ക് അങ്ങനെ സംസാരിക്കാൻ കഴിയില്ല. മന്ത്രിക്ക് അറിയാൻ കഴിയാഞ്ഞിട്ടാണ്. ഇപ്പോൾ പറ്റില്ല. ചട്ടം 300- നോട് അനുബന്ധമായി സംസാരിക്കാൻ കഴിയില്ല. ചട്ടം 300 അനുസരിച്ചുള്ള പ്രസ്താവന അങ്ങ് വായിച്ചു കഴിഞ്ഞു. നിങ്ങൾ ഓരോരുത്തരും ഇഷ്യു ഉണ്ടാക്കിയാൽ ചെയറിന് സഭ മുന്നോട്ട് കൊണ്ടുപോകണ്ടേ. സഭ പിരിയുന്നതിനുമുമ്പ് അതിനുള്ള സമയം കണ്ടെത്തി ഇക്കാര്യത്തിൽ വിശദമായ മറുപടി ബഹുമാനപ്പെട്ട വകുപ്പുമന്ത്രി നൽകുന്നതാണ്.

## അംഗങ്ങൾ ഹാജർ രേഖപ്പെടുത്തുന്നത് സംബന്ധിച്ച്

ശ്രീ. എം. എ. ബേബി: സർ, അങ്ങയുടെ റൂളിംഗ് സഭയിലെ എല്ലാ അംഗങ്ങൾക്കും ബാധകമാണ്. സഭയിൽ ഹാജരാകുന്ന അംഗങ്ങൾ ഒപ്പിടുന്നതുസംബന്ധിച്ച്, ചട്ടം 172- മായി ബന്ധപ്പെട്ട് അങ്ങ് ഒരു റൂളിംഗ് നടത്തിയിട്ടുണ്ട്. ഇതിൽ വ്യക്തത വരേണ്ട ഒരു കാര്യം, സഭയ്ക്ക് പുറത്ത് ഒരു ഹാജർ പുസ്തകം വച്ചിരിക്കുകയാണ്. ആ ഹാജർ പുസ്തകത്തിൽ ഒപ്പിട്ടിട്ട് സഭയ്ക്കകത്ത് പ്രവേശിക്കാതെ പോയാലും നമ്മൾ സഭയിലുള്ളതായിട്ടാണ് സങ്കല്പിക്കുന്നത്. മറിച്ച്

സഭയിൽ ഹാജരായി ചർച്ചയിൽ പങ്കെടുക്കുകയും വോട്ട് രേഖപ്പെടുത്തുകയുമൊക്കെ ചെയ്താലും പുറത്തുവച്ചിട്ടുള്ള ഹാജർ ബുക്കിൽ ഒപ്പിട്ടില്ലെങ്കിൽ ചർച്ചയിൽ പങ്കെടുത്ത് വോട്ടു ചെയ്ത അംഗം ഹാജരായില്ല എന്ന സ്ഥിതിയാണ് ഇപ്പോൾ നിലവിലുള്ളത്. ഇതുസംബന്ധിച്ചുള്ള ചട്ടത്തിൽ ചില അംഗങ്ങളെ ഹാജർ ബുക്കിൽ ഒപ്പിടുന്നതിൽനിന്ന് ഒഴിവാക്കിയിട്ടുണ്ട്. നേരത്തെതന്നെ സ്പീക്കറെയും, ബഹുമാനപ്പെട്ട മന്ത്രിമാരെയും ഒഴിവാക്കിയിരുന്നു. 2010-ൽ ചട്ടങ്ങൾ പരിഷ്കരിച്ചപ്പോൾ സർക്കാർ ചീഫ് വിപ്പിനെയും, ഡെപ്യൂട്ടി സ്പീക്കറെയും, പ്രതിപക്ഷ നേതാവിനെയുംകൂടി ഒപ്പിടേണ്ടാത്തവരുടെ പട്ടികയിൽ കൂട്ടിച്ചേർത്തു. ഇതിൽ നിന്ന് അനുമാനിക്കേണ്ടത്, ഒപ്പിടേണ്ടാത്തവരുടെ പട്ടികയിൽ നിന്ന് ഒഴിവാക്കപ്പെട്ടവരെല്ലാം മെമ്പർമാരുടെ ദിനബത്ത കൈപ്പറ്റാത്തവരും അതല്ലാത്ത സംവിധാനം ബാധകമായിട്ടുള്ളവരുമാണ്. അതുകൊണ്ട് ഫലത്തിൽ വരുന്നത് പുറത്ത് ഒപ്പിടുന്നത് ദിനബത്ത ലഭിക്കാൻ വേണ്ടിയിട്ടുള്ള ഒരു സംവിധാനമായി ധരിച്ചാൽ ഈ അനുഭവങ്ങളിൽ നിന്ന് അതിനെ കുറ്റം പറയാൻ കഴിയില്ല. ഇത് ചർച്ച ചെയ്യുമ്പോൾ മറ്റൊരു വിഷയം കൂടിയുണ്ട്. ഭരണഘടനയുടെ പ്രസക്തമായ വകുപ്പ് അനുച്ഛേദം 190 ഉപഅനുച്ഛേദം 4 പ്രകാരം ചില വ്യവസ്ഥകൾക്ക് വിധേയമായി നിയമസഭാംഗത്തിന്റെ സഭാംഗത്വം നഷ്ടമാകുന്ന ഒരു സാഹചര്യമുണ്ട്.

അതായത്, അനുമതി കൂടാതെ 60 ദിവസം സഭയിൽ ഹാജരാകാതിരുന്നാൽ അംഗത്വം നഷ്ടമായി ആ സീറ്റ് ഒഴിഞ്ഞു കിടക്കുന്നതായി സഭയ്ക്ക് തീരുമാനിക്കാമെന്നാണ് ഇന്ത്യൻ ഭരണഘടന പറയുന്നത്. പക്ഷെ, ഒരംഗം 60 ദിവസം തുടർച്ചയായി സഭയിൽ അനുമതികൂടാതെ ഹാജരായില്ലായെന്നുള്ളത് കണ്ടുപിടിക്കാൻ ഇന്നൊരു സംവിധാനവുമില്ല. ആശ്രയിക്കാവുന്ന ഏക സംവിധാനം പുറത്തു ഹാജർ ബുക്കിൽ ഒപ്പിടുന്നതാണ്. ഈ സാഹചര്യത്തിൽ സഭാംഗങ്ങൾ തമ്മിൽ ഒരു വിവേചനം നിലനില്ക്കുന്നു. സഭയിലെ കുറെ അംഗങ്ങൾ ഒപ്പിടണം. കുറെ അംഗങ്ങൾ ഒപ്പിടേണ്ട. അതുകൊണ്ട് അങ്ങ് ഇത് പരിശോധിച്ച് ഇതിന്റെ വിവിധ വശങ്ങൾ കണക്കിലെടുത്തുകൊണ്ട് പുറത്ത് ഒപ്പിടാനുള്ള സംവിധാനം തുടരുമ്പോൾതന്നെ അകത്തുവന്നാൽ ബയോമെട്രിക് സിസ്റ്റത്തിലൂടെ ഹാജരായി എന്നുള്ളത് രേഖപ്പെടുത്താനുള്ള ഒരു ക്രമീകരണവും കൂടി ഉണ്ടാക്കണം. ഇതുമായി ബന്ധപ്പെട്ട വിവിധ വശങ്ങൾ പരിശോധിച്ച് ഇക്കാര്യത്തിൽ ഇൻഡ്യയ്ക്ക്തന്നെ മാതൃകയാകുന്ന ചില ചട്ടങ്ങളും തീരുമാനങ്ങളും നമ്മുടെ സഭയിൽനിന്ന് ഉണ്ടാകുന്നത് നന്നായിരിക്കുമെന്നാണ് അങ്ങയുടെ ശ്രദ്ധയിൽപ്പെടുത്തുന്നത്.

മി. സ്പീക്കർ: നിയമസഭാചട്ടം 172-ൽ എന്തെങ്കിലും ഭേദഗതി വരുത്തണമെങ്കിൽ റൂൾസ് കമ്മിറ്റിക്ക് ചെയ്യാവുന്നതാണ്. റൂൾസ് കമ്മിറ്റി

തീരുമാനിക്കേണ്ട വിഷയമാണിത്. ഇലക്ട്രോണിക് സംവിധാനം ഏർപ്പെടുത്തുന്ന കാര്യം അങ്ങ് പറഞ്ഞത് ആരംഭിക്കാവുന്നതാണ്. ആദ്യത്തേത് റൂൾസ് കമ്മിറ്റി തീരുമാനിക്കണം. ഇത് ചെയറിന് മാത്രം തീരുമാനിക്കാൻ പറ്റുന്ന കാര്യമല്ല. റൂൾസ് കമ്മിറ്റി കൂടിയിട്ട് ഏതാണ് ശരിയെന്ന് തോന്നുന്നത് അത് തീരുമാനിക്കട്ടെ.

ശ്രീ. വി. ശിവൻകുട്ടി: സർ, കഴിഞ്ഞദിവസം ബഹുമാനപ്പെട്ട പ്രതിപക്ഷ നേതാവ് വിവാദമായ പാറ്റൂർ ഭൂമിയെ സംബന്ധിച്ച് ഒരു സബ്മിഷൻ ഇവിടെ ഉന്നയിച്ചിരുന്നു. ആ സബ്മിഷനെ സംബന്ധിച്ച് ബഹുമാനപ്പെട്ട നഗരകാര്യ വകുപ്പുമന്ത്രിയും, റവന്യൂ വകുപ്പുമന്ത്രിയും, ട്രാൻപോർട്ട് വകുപ്പുമന്ത്രിയും, മുൻ റവന്യൂ വകുപ്പുമന്ത്രിയും പറഞ്ഞ മറുപടികൾ കുറെയെല്ലാം സത്യവിരുദ്ധവും തെറ്റിദ്ധാരണാജനകവുമായിട്ടുള്ളതാണ്. അതിലൊന്ന് 31.02.2013-ലെ എ.ജി.യുടെ റിപ്പോർട്ടനുസരിച്ച് പാറ്റൂരുള്ള കോടിക്കണക്കിന് രൂപയുടെ 17 സെന്റ് ഗവൺമെന്റ് ഭൂമി നഷ്ടപ്പെട്ടതുസംബന്ധിച്ചുള്ളതാണ്. 31.8.2013-ലെ എ.ജി.യുടെ റിപ്പോർട്ടിനെക്കുറിച്ചും അവർ ഈ സഭയിൽ പറഞ്ഞില്ല. 06.09.2013-ലെ ലാൻഡ് റവന്യൂ കമ്മിഷണറുടെ റിപ്പോർട്ടിനെ സംബന്ധിച്ചും പറഞ്ഞില്ല. ഇതുകൂടാതെ വാട്ടർ അതോറിറ്റി എം.ഡി., ലാൻഡ് റവന്യൂ കമ്മീഷണർ, റവന്യൂ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി തുടങ്ങിയവരെ ഇതുസംബന്ധിച്ച് വീണ്ടും അന്വേഷണം നടത്തുന്നതിന്

ചുമതലപ്പെടുത്തിയതാര്? ഒരു ചീഫ് സെക്രട്ടറിയുടെ അനുമതിയോടുകൂടി വാട്ടർ അതോറിറ്റിയുടെ പടുകൂറ്റൻ കുഴൽ എടുത്തുമാറ്റുന്നതിനുള്ള അനുവാദം റവന്യൂ വകുപ്പ് സെക്രട്ടറി കൊടുത്തത് എന്തിനാണ്? ചീഫ് സെക്രട്ടറിയുടെ കൺസെന്റോടു കൂടിയാണ് ഇത് കൊടുത്തിരിക്കുന്നത്. എന്നുമാത്രമല്ല ഇതിന്റെ ഫയലുകൾ എല്ലാം എൽ.എസ്.ജി. ഡിപ്പാർട്ട്മെന്റ് എടുത്തുകൊണ്ടുപോയിരിക്കുകയാണ്. മറ്റൊരു കാര്യം 16.5 സെന്റ് ഭൂമി അളന്ന് തിരിച്ചതായിട്ടാണ് ബഹുമാനപ്പെട്ട മന്ത്രിമാർ സഭയിൽ പറഞ്ഞത്. 16.5 സെന്റ് ഭൂമി അളന്നു തിരിച്ചിട്ടില്ല. ബഹുമാനപ്പെട്ട നഗരകാര്യ വകുപ്പുമന്ത്രി പറഞ്ഞത് എല്ലാകുറ്റവും കോർപ്പറേഷന്റേത് എന്നുള്ള നിലയിലാണ്. അങ്ങനെയല്ല കേരള മുനിസിപ്പൽ ബിൽഡിംഗ് റൂൾസ് 1999, പേജ് 102 റൂൾ 56 പ്രകാരം - 'Approval of the Chief Town Planner shall be obtained for the layout of the building and usage of plot with total floor area exceeding 6000 sq.fts.' ആണ്. അതുകൊണ്ട് സി.റ്റി.പി.യ്ക്ക് ഇതിൽ ഉത്തരവാദിത്വമുണ്ട്. സി.റ്റി.പി.യ്ക്ക് ഇതിലുള്ള ഉത്തരവാദിത്വം ബഹുമാനപ്പെട്ട മഞ്ഞളാംകുഴി അലി മറച്ചുവച്ചിരിക്കുന്നു. എന്നുമാത്രമല്ല അനുവാദം കൊടുത്ത സി.റ്റി.പി.-യാണ് ഇപ്പോൾ വിജിലൻസിന്റെ സി.റ്റി.പി.; ആ വിജിലൻസ് സി.റ്റി.പി.യെതന്നെ അന്വേഷണത്തിനുവേണ്ടി ചുമതലപ്പെടുത്തിയിരിക്കുന്നു. എന്ത്

അപഹാസ്യമാണ്. എന്നുമാത്രമല്ല കോർപ്പറേഷൻ സെക്രട്ടറിക്കും, ടൗൺപ്ലാനിംഗ് ഓഫീസർക്കും, മറ്റ് ഉന്നത ഉദ്യോഗസ്ഥന്മാർക്കും ഇതിൽ ഉത്തരവാദിത്വമുണ്ട്. ആക്ട് പ്രകാരം അന്തിമമായി സി.റ്റി.പി. എടുക്കേണ്ട തീരുമാനത്തെ മന്ത്രി മറച്ചുവച്ചിരിക്കുകയാണ്. 76,053 സ്ക്വയർ ഫീറ്റും 1,32,072 സ്ക്വയർ ഫീറ്റും യഥാക്രമം രണ്ടുസൈഡിലായിട്ടാണ് കിടക്കുന്നത്. ഇവയ്ക്ക് രണ്ടിനും ഒരേസമയത്താണ് അനുവാദം കൊടുത്തിരിക്കുന്നത്. ഇത് രണ്ടിനും ഒരേ സമയത്താണ് അനുവാദം കൊടുത്തിരിക്കുന്നത്. സി.റ്റി.പി-യും കോർപ്പറേഷനും കെട്ടിടനിർമ്മാണ അലവൻസ് കൊടുക്കുന്ന കാര്യത്തിൽ ഒരേ മാനദണ്ഡമാണ് സ്വീകരിച്ചിരിക്കുന്നത്. ചീഫ് സെക്രട്ടറി ഇതിന് ഉത്തരവിടേണ്ട കാര്യമില്ലെന്നാണ് പറഞ്ഞുകേൾക്കുന്നത്. ചീഫ് സെക്രട്ടറിയുടെ കൺസേണ്ടോടുകൂടിയാണ് ഉത്തരവിറങ്ങിയത്. അതിന്റെ പ്ലാൻ എന്റെ കൈവശമുണ്ട്. 'അവ്വതിമാൾ'-ന് വാട്ടർ അതോറിറ്റിയുടെ പടുകൂറ്റൻ കുഴൽ പോകുന്നത് ഈ പ്ലാനിന്റെ മധ്യത്തുകൂടിയാണ്. അതാണ് ചീഫ് സെക്രട്ടറിയുടേയും ബന്ധപ്പെട്ട ഉദ്യോഗസ്ഥന്മാരുടേയും അനുവാദത്തോടുകൂടി ഇളക്കിമാറ്റിയത്. അതുകൊണ്ടുതന്നെ ഇതിൽ വൻ അഴിമതി നടന്നിട്ടുണ്ട്. ഇതിന് സഹായിച്ച ഉദ്യോഗസ്ഥന്മാർക്ക് 2 കോടി രൂപയെങ്കിലും കിട്ടിയിട്ടുണ്ടെന്ന പരാതി പരക്കെയുണ്ട്. അതുകൊണ്ട് ബഹുമാനപ്പെട്ട മുഖ്യമന്ത്രിയും ആഭ്യന്തര വകുപ്പുമന്ത്രിയും

ഇടപെട്ട് വിജിലൻസ് ഡയറക്ടറെക്കൊണ്ട് അന്വേഷണം നടത്തണമെന്ന് ഞാൻ ആവശ്യപ്പെടുകയാണ്.

മി. സ്പീക്കർ: ശ്രീ. വി. ശിവൻകുട്ടി, അതൊന്നും നമ്മുടെ വിഷയത്തിൽ വരുന്നതല്ല. ശ്രീ. ശിവൻകുട്ടി ചില കാര്യങ്ങൾ എനിക്ക് എഴുതിത്തന്നു. ബഹുമാനപ്പെട്ട മിനിസ്റ്ററും എഴുതിത്തന്നു. സാധാരണ ഗതിയിൽ ചട്ടമനുസരിച്ച് ഇത് രണ്ടും വായിച്ചതിനുശേഷം ഒരു തീരുമാനം ചെയറിന് എടുക്കാവുന്നതാണ്. അങ്ങനെ പോകണ്ടെന്ന് കരുതിയാണ് സംസാരിക്കാൻ സമയം തന്നത്.

നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രി (ശ്രീ. മഞ്ഞളാംകുഴി അലി): ബഹുമാനപ്പെട്ട ശിവൻകുട്ടി എഴുതിത്തന്നതും ഇവിടെ സംസാരിച്ചതും തമ്മിൽ വ്യത്യാസമുണ്ട്. അദ്ദേഹം ഒരു ഫൈറ്ററാണെന്ന് എനിക്ക് നന്നായറിയാം. ഇപ്രാവശ്യം അദ്ദേഹം അറിഞ്ഞോ അറിയാതെയോ ഫൈറ്റ് ചെയ്യുന്നത് അഴിമതിക്കാരായ ഉദ്യോഗസ്ഥരെ രക്ഷിക്കാൻവേണ്ടിയാണ്. അദ്ദേഹം ഇതിൽനിന്ന് പിൻമാറണമെന്നാണ് സ്നേഹത്തോടുകൂടി എനിക്ക് പറയാനുള്ളത്. ഒരു കെട്ടിടം നിർമ്മിക്കുന്നതിനുമുമ്പ് ഡെവലപ്മെന്റ് പെർമിറ്റും കെട്ടിടനിർമ്മാണ പെർമിറ്റും എടുക്കണം. ഇതുരണ്ടും കൊടുക്കുന്നത് നഗരസഭാ സെക്രട്ടറിയാണ്. നഗരസഭയിൽനിന്നുമാത്രമേ ഈ പെർമിറ്റ് ലഭിക്കുകയുള്ളൂ. പെർമിറ്റ് നൽകുന്നതിനു

മുമ്പ് സ്ഥലത്തിൻെറ ഉടമസ്ഥാവകാശം, പ്ലാൻ, പ്രമാണം എന്നിവയുടെ തിട്ടപ്പെടുത്തൽ, ഡ്രോയിംഗ് മറ്റ് നിർമ്മാണ വിവരങ്ങൾ എന്നിവ നേരിട്ട് പരിശോധന നടത്തി ബോധ്യപ്പെടുത്താനുണ്ട്. നഗരസഭാ സെക്രട്ടറിയാണ് അത് ചെയ്യേണ്ടത്. അല്ലെങ്കിൽ എഞ്ചിനീയർമാരോട് ആവശ്യപ്പെടുമ്പോൾ അവർ അത് ചെയ്യും. പതിനായിരം ചതുരശ്ര മീറ്ററിന് മുകളിൽ വിസ്തീർണ്ണം വരുന്ന കെട്ടിടങ്ങൾക്ക് പെർമിറ്റ് നൽകുന്നതിനുമുമ്പ് നഗരസഭാ സെക്രട്ടറി ചീഫ് ൦ൗൺ പ്ലാനറുടെ ലേ ഔട്ട് അപ്രൂവൽ വാങ്ങേണ്ടതാണ്. സി.റ്റി.പി. കൊടുക്കുന്നത് ലേ ഔട്ട് അപ്രൂവൽ മാത്രമാണ്. പ്ലോട്ടിനെ സംബന്ധിച്ച രേഖകളുടെ പരിശോധന നഗരസഭാ സെക്രട്ടറി നടത്തണമെന്ന് നിയമത്തിൽ വ്യവസ്ഥയുള്ള സാഹചര്യത്തിൽ ഇത്തരം പരിശോധന ചീഫ് ൦ൗൺ പ്ലാനർ നടത്തേണ്ട ആവശ്യമില്ല. തദ്ദേശസ്ഥാപനങ്ങൾ അയച്ചുകൊടുക്കുന്ന സൈറ്റ് പ്ലാൻ, ലൊക്കേഷൻ, ബിൽഡിംഗ് പ്ലാൻ എന്നിവ പരിശോധിച്ച് ലേ ഔട്ട് അംഗീകാരവും പ്ലോട്ടിന്റെ ഉപയോഗവും സംബന്ധിച്ച് അപ്രൂവൽ നൽകുകയാണ് സാധാരണ ചീഫ് ൦ൗൺ പ്ലാനർമാർ ചെയ്യുന്നത്. പാറ്റൂർ നിർമ്മാണത്തിന് ചീഫ് ൦ൗൺ പ്ലാനർ ആദ്യം ലേ ഔട്ട് അപ്രൂവൽ നൽകുമ്പോൾ 18 നിബന്ധനകളാണ് അതിൽ നിഷ്ക്കർഷിച്ചിരുന്നത്. അതിൽ രണ്ടാമത്തെ നിബന്ധന, സ്ഥലത്തിന്റെ ഉടമസ്ഥാവകാശം, അളവുകൾ,

നിർമ്മാണത്തിലെ ഉടമസ്ഥനുള്ള അവകാശം, വിസ്തീർണ്ണം എന്നിവ നഗരസഭ പരിശോധിച്ച് ശരിയാണെന്ന് ഉറപ്പുവരുത്തേണ്ടതാണ്. നഗരസഭ, ഉടമസ്ഥാവകാശ പരിശോധന യഥാവിധി നടത്തിയിരുന്നുവെങ്കിൽ ഇതേ രീതിയിലുള്ള ഒരു സ്ഥിതിവിശേഷം ഉണ്ടാകുമായിരുന്നില്ല. ഇത് നഗരസഭയുടെ ഭാഗത്തുനിന്നുള്ള ആദ്യത്തെ വീഴ്ചയാണ്. ചീഫ് ഠൗൺ പ്ലാനർ വിജിലൻസുമായി ബന്ധപ്പെട്ട ഫയൽ പരിശോധിച്ചപ്പോൾ പെർമിറ്റ് നൽകിയതിൽ പല ക്രമക്കേടുകളും നടന്നതായി കാണാൻ സാധിച്ചു. ഈ കെട്ടിടത്തിന് നിർമ്മാണാനുമതി നൽകിയത് 24.11.2011-ൽ ആണ്. 3 വർഷത്തെ നിർമ്മാണ കാലാവധി നിലനിൽക്കേ 17.06.2014-ൽ കെട്ടിടത്തിന് നഗരസഭ റിവൈസ്ഡ് പെർമിറ്റ് നൽകുകയുണ്ടായി. സാധാരണഗതിയിൽ അങ്ങനെ കൊടുക്കാറില്ല. റിവൈസ്ഡ് പെർമിറ്റ് നൽകുന്നതിനുമുമ്പ് അവശ്യംവേണ്ട ചീഫ് ടൗൺ പ്ലാനറുടെ ലേ ഔട്ട് അപ്രൂവൽ വാങ്ങിയില്ല. പിന്നെ ആ ഫയൽ എങ്ങനെ ഒപ്പിട്ടു കൊടുത്തു. ബന്ധപ്പെട്ട എക്സിക്യൂട്ടീവ് എഞ്ചിനീയർ ഉത്തരവിടുന്നത് 20.06.2014-ലാണ്. പക്ഷേ പെർമിറ്റ് കൊടുത്തത് 3 ദിവസം മുമ്പ് 17.06.2014-ലാണ്. 3 ക്രമക്കേടുകളാണ് അതിൽ നടന്നത്. സ്വാഭാവികമായും അത് നഗരസഭയുടെ മാത്രം ഉത്തരവാദിത്തമാണ്. അല്ലാതെ സി.റ്റി.പി. ആഫീസിൽനിന്ന് ബന്ധപ്പെട്ട യാതൊരുവിധ തകരാറുകളും

അതിലില്ല. (......ബഹളം......) ഈ നിർമ്മാണത്തിന് നഗരസഭയിൽ ഒരു വിജിലൻസ് ഡിപ്പാർട്ടുമെന്റുണ്ട്. ആ വിജിലൻസ് ഡിപ്പാർട്ടുമെന്റ് അവിടെയുള്ള എല്ലാ ഫയലുകളും പരിശോധിക്കുകയാണ്. ഈ ഫയലുൾപ്പെടെ അവിടെ പൂഴ്ത്തിവച്ചിരുന്നു. വളരെ പ്രയാസപ്പെട്ടാണ് ഫയൽ കിട്ടിയത്. സ്വാഭാവികമായും വളരെ കൃത്യമായിട്ടുള്ള ഇൻസ്പെക്ഷൻ വിജിലൻസ് സി.റ്റി.പി. നടത്തുന്നുണ്ട്. അതു വരുന്നമുറയ്ക്ക് അതിനുള്ള മറുപടി ബഹുമാനപ്പെട്ട ശ്രീ. ശിവൻകുട്ടിക്ക് നൽകുന്നതാണ്.

മി.സ്പീക്കർ: ശ്രീ. ശിവൻകുട്ടി അങ്ങയുടെ പരാതി പരിശോധിച്ചതിനുശേഷം ബഹുമാനപ്പെട്ട മന്ത്രിയുടെ മറുപടിയും കിട്ടി വിവരം ലഭിക്കുന്ന മുറയ്ക്ക് അത് ബഹുമാനപ്പെട്ട ശ്രീ. ശിവൻകുട്ടിക്ക് നൽകുന്നതാണ്.